## യൂണിറ്റ് : 12
## ഊർജപരിപാലനം

ഊർജതന്ത്രം
സ്റ്റാന്റേർഡ് X

---

1. (a) ഇന്ധനങ്ങൾ ഏതെല്ലാം അവസ്ഥകളിൽ സ്ഥിതിചെയ്യുന്നു?
(b) അടുക്കളയിൽ ഉപയോഗിക്കാൻ പറ്റിയ ഓരോ അവസ്ഥയിലുമുള്ള ഒരോ ഇന്ധനത്തിന്റെ പേരെഴുതുക.

---

(a) ഖരം , ദ്രാവകം , വാതകം
(b) ഖരം - വിറക് , ദ്രാവകം - മണ്ണെണ്ണ , വാതകം - ബയോഗ്യാസ് , എൽ .പി.ജി

---

2. അഗ്നിക്കിരയായ ഒരു കൂനയിൽ നിന്നും പകുതിയോളം കരിഞ്ഞുപോയ ഒരു പുസ്തകം ബാക്കികിട്ടി.
(a) ധാരാളം വസ്തുക്കൾ പൂർണമായും കത്തിപോയെങ്കിലും പുസ്തകം പൂർണമായി കത്താതിരുന്നത് എന്തുകൊണ്ടായിരിക്കും?
(b) ജ്വലിപ്പിക്കാൻ തയാറെടുക്കുമ്പോൾ പൂർണജ്വലനം നടക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?
(c) ഭാഗികജ്വലനം കൊണ്ടുള്ള ദോഷങ്ങൾ ഏവ?

---

(a) ഭാഗിക ജ്വലനം കാരണം (b) ഇന്ധനലാഭം , സമയലാഭം , ധനലാഭം , അന്തരീക്ഷമലിനീകരണം കുറവ് , പുക കുറവ്
(c) ഇന്ധന നഷ്ടം , സമയ നഷ്ടം , ധനനഷ്ടം , അന്തരീക്ഷമലിനീകരണം , പുക കൂടുന്നു , കാർബൺ , കാർബൺ മോണോക്സൈഡ് എന്നിവയുടെ അളവ് കൂടുന്നു.

---

3. വാഹനങ്ങളുടെ പുക പരിശോധന നിർബന്ധമാക്കിയിരിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് സ്ഥാപിക്കുക.

---

പുകയിലടങ്ങിയിരിക്കുന്ന , അന്തരീക്ഷ മലിനീകരണം നടത്തുന്ന ,കാർബൺ മോണോക്സൈഡ് പോലെയുള്ള വാതകങ്ങളുടെ അളവ് നിർണ്ണയിക്കുന്നതിനുവേണ്ടിയാണ് പുക പരിശോധന നടത്തുന്നത് .

---

4. (a) പുനസ്ഥാപിക്കാൻ കഴിയാത്ത ഇന്ധനങ്ങൾ എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
(b) ഇത്തരത്തിലുള്ള ഇന്ധനങ്ങൾ പ്രകൃതിയിൽ എങ്ങനെരൂപപ്പെട്ടു?
(c) ഇത്തരം രണ്ട് ഇന്ധനങ്ങൾക്ക് ഉദാഹരണങ്ങൾ എഴുതുക.
(d) പുനസ്ഥാപിക്കാൻ കഴിയുന്ന ഇന്ധനങ്ങൾക്ക് ഉദാഹരണം?

---

(a) ഇവ ഉപയോഗിച്ചു തീരുന്നതിനനുസരിച്ച് പുനരുല്പാദിപ്പിക്കപ്പെടുന്നില്ല.
(b) പുന:സ്ഥാപികുവാൻ കഴിയാത്ത ഇന്ധനങ്ങൾക്ക് ഉദാഹരണമാണ് ഫോസിൽ ഇന്ധനങ്ങൾ . പതിനായിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് മണ്ണിനടിയിൽപെട്ടുപോയ സസ്യങ്ങളും ജീവികളും വായുവിന്റെ അസാനിദ്ധ്യത്തിലും ഉന്നത മർദ്ദത്തിലും താപനിലയിലും രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഫോസിൽ ഇന്ധനങ്ങൾ
(c) പെട്രോൾ , കൽക്കരി (d) വിറക് , ബയോഗ്യാസ്

---

5. (a) കൽക്കരിയെ നാല്തരമായി തിരിച്ചിട്ടുണ്ട്. ഏതെല്ലാമാണ് അവ?
(b) എന്തടിസ്ഥാനത്തിലാണ് അവയെ തരംതിരിച്ചത്?
(c) കല്ക്കരിയെ സ്വേദനം ചെയ്താൽ ലഭിക്കുന്ന പദാർത്ഥങ്ങൾ ഏതെല്ലാമാണ്?

---

(a) പീറ്റ് , ലിഗ്നൈറ്റ് , ആന്ത്രസൈറ്റ് , ബിറ്റുമിനസ് കോൾ . (b) അതിൽ അടങ്ങിയിട്ടുള്ള കാർബണിന്റെ അടിസ്ഥാനത്തിൽ (c) കോൾട്ടാർ , കോൾഗ്യാസ് , കോക്ക് , അമോണിയ

---

6. (a) വളരെ ഉയർന്ന കലോറിഫിക്ക് മൂല്യമുള്ള ഇന്ധനമാണ് ഹൈഡ്രജൻ. എന്നിട്ടും അതിനെ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്തത് എന്തുകൊണ്ട്?
(b) ഗാർഹിക ആവശ്യങ്ങൾക്ക് നല്ല ഇന്ധനമായി പരിഗണിക്കാൻ ഒരിന്ധനത്തിനുണ്ടായിരിക്കേണ്ട മേന്മകളേവ? (c) കലോറിഫിക് മൂല്യം എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?

---

6. (a) ഹൈഡ്രജൻ എളുപ്പം തീപിടിക്കുന്നതും സ്ഫോടന സ്വഭാവമുള്ളതുമാണ് . അതിനാൽ കൊണ്ടുനടക്കാനോ സംഭരിക്കാനോ ബുദ്ധിമുട്ടാണ് . (b) കൂടിയ ലഭ്യത , വില കുറവായിരിക്കണം , അന്തരീക്ഷ മലിനീകരണം കുറവായിരിക്കണം ദ്രാവകാവസ്ഥയിലുള്ളവ സാധാരണ താപനിലയിൽ എളുപ്പം ബാഷ്പീകരിക്കരുത് , ജ്വലന താപനില കുറവായിരിക്കണം , കൊണ്ടുനടക്കുവാനും സൂക്ഷിക്കുവാനും കഴിയുന്നതായിരിക്കണം (c) ഒരു കിലോഗ്രാം ഇന്ധനം പൂർണ്ണമായി കത്തുമ്പോൾ പുറത്തുവിടുന്ന ഇന്ധനമാണ് ആ ഇന്ധനത്തിന്റെ കലോറിഫിക് മൂല്യം

---

**7. (a) ബയോഗ്യാസ് പ്ലാന്റിൽ ബയോമാസ് ബയോഗ്യാസായി മാറുന്നതെങ്ങനെയാണ്?**

**(b) ഇവയിൽ മേന്മയേറിയ ഇന്ധനം ഏതാണ്? എന്തുകൊണ്ടാണ് ഈ നിഗമനത്തിലെത്തിയത്?**

**(c) സാമൂഹ്യ ബയോഗ്യാസ് പ്ലാന്റുകൾ കൊണ്ടുള്ള മേന്മകൾ ഏവ?**

---

(a) ഓക്സിജന്റെ അഭാവത്തിൽ ബാക്ടീരിയകളുടെ പ്രവർത്തനഫലമായി ബയോഗ്യാസ് ഉണ്ടാകുന്നു.
(b) ബയോഗ്യാസ് , കാരണം പുക , ദുർഗന്ധം , അന്തരീക്ഷമലിനീകരണം എന്നിവ ഉണ്ടാക്കുന്നില്ല.
(c) ഓരോ വീട്ടിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ ബയോമാസ് സാധാരണ രീതിയിൽ ഉണ്ടാകാൻ സാധ്യതയില്ല . പക്ഷെ , സാമൂഹ്യ ബയോഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കപ്പെടും . ഓരോ വീട്ടിലും പ്രത്യേക ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നത് മുതൽ മുടക്കിനനുസരിച്ചുള്ള നേട്ടം ഉണ്ടാക്കിത്തരുന്നില്ല. എന്നാൽ സാമൂഹ്യമായി പ്രവർത്തിക്കുന്നത് ആദായകരമാണ് .

---

**8. (a) സോളാർ പാനലിൽ നടക്കുന്ന ഊർജപരിവർത്തനം ഏത്?**

**(b) ഉപയോഗയോഗ്യമായ സോളാർ പാനലിൽ ഊർജ്ജപരിവർത്തനം നടക്കാത്ത സന്ദർഭങ്ങൾ ഏവ?**

**(c) സോളാർ പാനലുകളെ മാത്രം ആശ്രയിക്കേണ്ടുന്ന സന്ദർഭങ്ങൾ ഏവ?**

---

(a) പ്രകാശോർജ്ജം വൈദ്യുതോർജ്ജമായി മാറ്റുന്നു.
(b) രാത്രിയിൽ , മൂടിക്കെട്ടിയ അന്തരീക്ഷമുള്ളപ്പോൾ , സൂര്യപ്രകാശം കുറവുള്ള സമയത്ത്
(c) ബഹിരാകാശ സ്റ്റേഷനിൽ , കൃത്രിമ ഉപഗ്രഹങ്ങളിൽ , വൈദ്യുതി എത്താത്ത ഒറ്റപ്പെട്ട ദ്വീപുകളിൽ

---

**9. സോളാർ കുക്കറിന്റെ പരിമിതികൾ എന്തെല്ലാമെന്ന് രേഖപ്പെടുത്തുക.**

---

ഉയർന്ന താപനില ലഭിക്കാത്തതിനാൽ വറുക്കാനോ പൊരിക്കാനോ ചപ്പാത്തി ചുടാനോ സാദ്ധ്യമല്ല . രാത്രിയിൽ ഉപയോഗിക്കുവാൻ കഴിയില്ല .

---

**10. കാറ്റാടിപ്പാടങ്ങൾ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കാൻ സാധ്യമല്ല. എന്തുകൊണ്ട്?**

---

വർഷത്തിൽ എല്ലാ സമയത്തും ശക്തമായ കാറ്റ് ലഭിക്കുന്ന സ്ഥലത്തുമാത്രമേ ഇത് സ്ഥാപിക്കുവാൻ കഴിയൂ. ചുരുങ്ങിയത് 15 km /h വേഗതയെങ്കിലും കാറ്റിന് ഉണ്ടായിരിക്കണം . ധാരാളം വിസ്തൃതിയുള്ള ഭൂമിയായിരിക്കണം

---

**11. സമുദ്രത്തിൽ നിന്ന് ഏതെല്ലാം മാർഗങ്ങളിലൂടെ ഊർജം കൊയ്തെടുക്കാൻ കഴിയും?**

---

തിരമാലകളുടെ ഗതികോർജ്ജം യാന്ത്രികോർജ്ജമായും അത് വൈദ്യുതോർജ്ജമായും പരിവർനം ചെയ്യാം .മാത്രമല്ല , വേലിയേറ്റം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കാം

---

**12. ജിയോ തെർമൽ എനർജി എന്നതുകൊണ്ട് എന്താണ് വിവക്ഷിക്കുന്നത്? ഇതു പ്രയോജനപ്പെടുത്താൻ കേരളത്തിൽ സാധ്യതയുണ്ടോ? ഉത്തരം സാധൂകരിക്കുക.**

---

ഭൂമിയുടെ അകവശം ഉരുകിയ ലാവയാണ് . ഈ താപത്തെ ഊർജ്ജസ്രോതസ്സായി പ്രയോജനപ്പെടുത്തുന്നതാണ് ജിയോ തെർമൽ എനർജി. കേരളത്തിൽ , ഭൂമിക്കടിയിൽ ഇത്തരത്തിൽ താപം ലഭിക്കുന്ന ഹോട്ട് സ്പോട്ടുകൾ ഇല്ലാത്തിനാൽ ജിയോതെർമൽ എനർജി ഉപയോഗപ്പെടുത്തുവാൻ സാധ്യമല്ല

---

13. **ന്യൂക്ലിയസിൽ നിന്ന് ഊർജം സ്വതന്ത്രമാക്കാനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുക. ഇവയിൽ ഊർജം ഉൽപാദിപ്പിക്കുന്നതെങ്ങനെയാണ്?**

---

ന്യൂക്ലിയർ ഫിഷനും ന്യൂക്ലിയർ ഫ്യൂഷനും

ആറ്റോമിക ഭാരം കൂടിയ ന്യൂക്ലിയസ്സുകളെ ന്യൂട്രോൺ ഉപയോഗിച്ച് ഭാരം കുറഞ്ഞ ന്യൂക്ലിയസ്സുകളായി വിഘടിക്കുന്ന പ്രവർത്തനമാണ് ന്യൂക്ലിയർ ഫിഷൻ .ഐൻസ്റ്റീന്റെ സമവാക്യം $E = mc$ അനുസരിച്ച് , പരിവർത്തനം ചെയ്യുന്ന ദ്രവ്യത്തിന്റെ മാസ് കുറവായിരുന്നാലും ഉല്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെ അളവ് കൂടുതലായിരിക്കും .

ആറ്റോമിക ഭാരം കുറഞ്ഞ ന്യൂക്ലിയസ്സുകളെ യോജിപ്പിച്ച് മാസ് കൂടിയ ന്യൂക്ലിയസ്സായി മാറ്റുന്ന പ്രവർത്തനമാണ് ന്യൂക്ലിയർ ഫ്യൂഷൻ . ഈ പ്രവർത്തനത്തിൽ നഷ്ടപ്പെടുന്ന ദ്രവ്യം ഊർജ്ജമായി മാറുന്നു.

---